


# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025– 2026

## ST ANTONY'S HIGHER SECONDARY SCHOOL

**AMMADAM – 680 563, THRISSUR – KERALA**
**PH: 0487 -2279316**
**E-mail : ammadamhss@gmail.com**

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025– 2026

## ആമുഖം

തൃശ്ശൂർ ജില്ലയിലെ പാറളം പഞ്ചായത്തിലെ എൺപതോളം വർഷം പഴക്കമുള്ള വിദ്യാലയമാണ് അമ്മാടം സെന്റ് ആന്റണീസ് ഹൈസ്കൂൾ. കോൾനിലങ്ങളാൽ ചുറ്റപ്പെട്ട കാർഷിക ഗ്രാമത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ഈ വിദ്യാലയം മുഖ്യസ്ഥാനം വഹിക്കുന്നു. ഈ കാലഘട്ടത്തിൽ പാഠ്യപാഠ്യേതര രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ച് മുന്നോട്ട് കുതിക്കുകയാണ് ഈ വിദ്യാലയം. ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ സ്കൂൾ കെട്ടിടം ഈ കുതിപ്പിന് ആക്കം കൂട്ടിയിട്ടുണ്ട്. 39 അധ്യാപകരും 5 ഓഫീസ് സ്റ്റാഫും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 1115 വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയത്തിന്റെ പി ടി എ, വിദ്യാലയപ്രവർത്തനങ്ങൾക്ക് നിർലോഭസഹകരണവും പിന്തുണയും നൽകി വരുന്നു. തുടർച്ചയായി മൂന്നു തവണ തൃശ്ശൂർ വിദ്യാഭ്യാസജില്ലയിലെ മികച്ച പി ടി എ ആയി ഈ വിദ്യാലയത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. SCERT യുടെ 'മികവ്–2019', 'മികവ്–2022' തൃശ്ശൂർ ഡയറ്റിന്റെ ''ഉജ്ജീവനം'' SSK യുടെ 'Best Innovative School' എന്നീ അംഗീകാരങ്ങളും വിദ്യാലയത്തിന് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. 'Green Rich Expo' 2023 പദ്ധതി, Asian Book of Record, India Book of Record 2023 ൽ വിദ്യാലയം കരസ്ഥമാക്കി.

## ലക്ഷ്യം

2025–26 അധ്യയനവർഷം വിദ്യാലയത്തെ അക്കാദമികവും ഭൗതികവുമായി വളർത്തുകയും വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുകയും സമൂഹത്തിന്റെ വളർച്ചയിൽ കൈത്താങ്ങാവാനും ആവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുകയാണ് ലക്ഷ്യം.

## പ്രവർത്തനങ്ങൾ

ഓരോ പ്രവർത്തന പദ്ധതിക്ക് പ്രത്യേകം പേരുകൾ നൽകി. അധ്യാപകർക്ക് ഉത്തരവാദിത്വമേല്പ്പിച്ച് ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ സമയബന്ധിതമായി പൂർത്തികരിക്കാൻ ശ്രമിക്കുന്നു. പൊതുവായ വാർഷികപദ്ധതിയിൽ നിന്നും Monthly Plan ഉണ്ടാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

### I. അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ

1. Monthly Test കൾ കൃത്യമായി എല്ലാ മാസവും Time Table അനുസരിച്ച് നടത്തുക.

2. Mid- Term Exam നടത്തുക.

3. Scheme of Work അനുസരിച്ച് പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തികരിക്കുക.

4.സയൻസ് ലാബും കമ്പ്യൂട്ടർ ലാബും പാഠഭാഗങ്ങളായി ബന്ധിച്ച് പരമാവധി പൂർത്തികരിക്കുക.

5. ഓരോ സ്റ്റാൻഡേർഡിനും പഠനയാത്രകൾ സംഘടിപ്പിക്കൽ

6. ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ

7. Local Resource കൾ ഉപയോഗപ്പെടുത്തൽ

8. ‘My Note My Pride’ - കുട്ടികളുടെ നോട്ടുകൾ Monthly Test ന മുൻപായി വിഷയങ്ങളെടുക്കുന്ന അദ്ധ്യാപകർ പരിശോധിക്കുകയും അത് രക്ഷിതാക്കളും പിന്നിട് ഹെഡ്മാസ്റ്ററും പരിശോധിക്കുന്ന പദ്ധതി ഈ വർഷം കാര്യക്ഷമമായി നടപ്പിലാക്കുന്നു.

9 ഗാന്ധിജിയുടെ പഴയ ചിത്രങ്ങളുടെ പ്രദർശനവും ബോധവൽക്കരണവും.

**II. കുട്ടികളിൽ വായന വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

**അക്ഷരസാഗരം:** വിദ്യാലയത്തിന്റെ പൊതുവായ വായനമൂല. വിദ്യാലയത്തിന്റെ നടുത്തളത്തിൽ 100 വിദ്യാർത്ഥികൾക്ക് പ്രത്യേകം ഇരിപ്പിടമൊരുക്കി,100 ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കാനുള്ള പദ്ധതി.കുട്ടികളുടെ ഒഴിവുസമയങ്ങൾ ഇതിലൂടെ വായനയിലേക്ക് ദിശ മാറ്റാൻ സഹായിക്കും.

**വായനവസന്തം:** കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കുന്ന പദ്ധതി.ഓരോ ക്ലാസിലെ കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്ത്,അവ ഓരോ മാസവും ക്ലാസദ്ധ്യാപകന്റെ നേതൃത്വത്തിൽ കൈമാറ്റം ചെയ്യപ്പെടുന്നു. ഓരോ മാസവും വായനാകുറിപ്പ് തയ്യാറാക്കലും മികച്ചതിന് ക്ലാസടിസ്ഥാനത്തിൽ സമ്മാനവും നൽകുന്ന രീതി

**അമ്മ വായന:** അമ്മമാരെ ഉൾപ്പെടുത്തി വായനമത്സരം സംഘടിപ്പിച്ചു.

**Reader’s Meadow** :പാറളം പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ, കുട്ടികളുടെ വീടുകളിൽ ഗൃഹഗ്രന്ഥശാലകൾ തുറക്കുന്ന പദ്ധതി.ലൈബ്രറി ഒരുക്കുന്ന വീട്ടിലെ കുട്ടിയും അടുത്തുള്ള വീടുകളിലെ കുട്ടികളും ചുമതലക്കാർ. സമൂഹത്തിലേക്ക് വായന വളർത്താൻ ഇതിലൂടെ സാധിക്കും.

**III. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ വളർത്തൽ**

**തരംഗം:** ചിത്രരചന, സംഗീതം, നൃത്തം, ഉപകരണസംഗീതം, കരകൗശലവസ്തുക്കളുടെ നിർമ്മാണം, കരാട്ടെ, അത്ലറ്റിക്സ്, ഫുട്ബോൾ എന്നിവയിൽ കൂടുതൽ പരിശീലനം. ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും സംഘടിപ്പിക്കൽ. ഇക്കാര്യങ്ങൾക്ക് Local Resource കൾ ഉപയോഗപ്പെടുത്തുന്നു.

**IV. വിദ്യാലത്തിലെ മാധ്യമപ്രവർത്തനങ്ങൾ**

**News Overview** :വിദ്യാലയത്തിൽ നടക്കുന്ന ദിനാചരണങ്ങളുടെ, പൊതുപരിപാടികളുടെ ന്യൂസ് റിപ്പോർട്ട് തയ്യാറാക്കി, ഉച്ചക്കുള്ള ഒഴിവുസമയത്ത് ക്ലാസുകളിലേക്ക് പ്രക്ഷേപണം ചെയ്യുന്നു. Little Kites വിദ്യാർത്ഥികൾ പ്രസ്തുത പരിപാടികൾ DSLR Camera യിൽ പകർത്തി എഡിറ്റ് ചെയ്ത ലഘു വീഡിയോകൾ SITC എല്ലാ ക്ലാസ് ഗ്രൂപ്പുകളിലേക്കും forward ചെയ്യുന്നു.

**Short Film** : കുട്ടികൾ രക്ഷിതാക്കളുടെ മൊബൈൽ ഉപയോഗിച്ച് Short Film കൾ ഉണ്ടാക്കി, Class trs വഴി മത്സരത്തിനെത്തിക്കുന്നു. SITC യുടെ നേതൃത്വത്തിൽ അവ വിലയിരുത്തി, മികച്ചതിന് സമ്മാാനം നൽകുന്നു.

**Film Festival** : മൂല്യബോധമുള്ള നല്ല സിനിമകൾ കുട്ടികൾക്കായി ഒഴിവു ദിവസങ്ങളിൽ സ്കൂൾ ഹാളിൽ ഒരുക്കുന്നു. ചാർളി ചാപ്ലിൻ സിനിമകളും ഇതിൽ ഉൾകൊള്ളിക്കുന്നു.

**V. വിദ്യാലയത്തെ സുഗമവുമായി ബന്ധിപ്പിക്കൽ**

**ഹൃദ്യം** : Corner PTA – പാലക്കൽ, ചാഴൂര് എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്നു. അപ്രദേശത്തുള്ള കുട്ടികളും രക്ഷിതാക്കളും ഇതിൽ പങ്കെടുക്കുന്നു. വൈകീട്ട് 6 മണിക്ക് ആരംഭിക്കുന്നു. കുട്ടികളുടെ കൊച്ചു കലാപരിപാടികൾ അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെ സഹകരണവും പിന്തുണയും ഉറപ്പ് വരുത്തുന്നു. അദ്ധ്യാപകരെല്ലാം ഇതിൽ പങ്കെടുക്കുന്നു. സൗകര്യപ്രദമായ കുട്ടിയുടെ വീടാണ് ഇതിനായി തിരഞ്ഞെടുക്കുന്നത്.

**സമാദാരം:** പാറളം പഞ്ചായത്തിലെ വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ചവരെ ആദരിക്കൽ. ഒട്ടും അംഗീകാരം ലഭിക്കാൻ സാധ്യത ഇല്ലാത്തവരെ ആദരിക്കൽ.

- 10 വർഷത്തിലേറെ ഇതേ റൂട്ടിലെ ബസ് ഡ്രൈവർമാർ
- പാറളം പഞ്ചായത്തിലെ പത്രവിതരണക്കാർ
- 10 വർഷത്തിലേറെ തുടർച്ചയായി ജോലി ചെയ്യുന്ന അങ്കണവാടി ടീച്ചർമാർ, ആയമാർ
- പാറളം പഞ്ചായത്ത് പെർമിറ്റുള്ള 60 വയസ്സിൽ കൂടുതൽ പ്രായമുള്ള ഓട്ടോ ഡ്രൈവർമാർ
- സാന്ത്വനം വിദ്യാലയത്തിലെ ആയമാർ
- ഹരിതകർമ്മസേന :
- പരിസ്ഥിതി ദിനാചരണം – ഹരിതകർമ്മസേനാംഗങ്ങളെ ആദരിക്കൽ

**VI. കാരുണ്യപ്രവർത്തനങ്ങൾ**

**പാഥേയം:** എല്ലാ ബുധൻ, വെള്ളി ദിവസങ്ങളിൽ കുട്ടികൾ കൊണ്ടുവരുന്ന നൂറോളം പൊതിച്ചോറുകൾ നഗരപ്രാന്തത്തിൽ അന്നം കാത്തിരിക്കുന്നവർക്കായി എത്തിക്കുന്ന പദ്ധതി.

**പാലന**:സഹജീവി മനോഭാവവും മനുഷ്യത്വവും കുട്ടികളിൽ വളർത്തുന്നതിന് വേണ്ടി വിഭാവനം ചെയ്ത പദ്ധതി. പാറളം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഏറ്റവും അർഹരായവരുടെ വീടുകൾ കുട്ടികൾ വൃത്തിയാക്കി, അവർക്കാവശ്യമുള്ള മരുന്നുകളും ഭക്ഷണവസ്തുക്കളും നല്കുന്ന പ്രവർത്തനം. സ്കൂൾ സമയം കഴിഞ്ഞ് 4 മണി മുതൽ 6 മണി വരെ പ്രവർത്തനം.

**Door of Charity** : കുട്ടികളുടെ വീടുകളിൽ അവർക്ക് ഉപയോഗിക്കാൻ സാധിക്കാത്ത, എന്നാൽ പുതുമ നഷ്ടപ്പെടാത്തതും കേടുപാടുകളില്ലാത്തതുമായ വസ്ത്രങ്ങൾ അലക്കിത്തേച്ച് വിദ്യാലയത്തിൽ എത്തിക്കുന്നു. അവ Door of Charity എന്ന മുറിയിൽ അദ്ധ്യാപകരും രക്ഷിതാക്കളും ക്രമീകരിച്ച് വക്കുന്നു. ആവശ്യമുള്ള കുട്ടികൾക്ക് അതെടുത്ത് കോണ്ടുപോകാനുള്ള സൗകര്യമൊരുക്കുന്നു.

**VII. സാമൂഹികാവബോധം വളർത്തുന്ന പ്രവർത്തനങ്ങൾ**

**നീരാമൃതം**: ജലം അമൂല്യമാണെന്നും, അത് സംരക്ഷിക്കേണ്ടതും ലഭ്യത വർദ്ധിപ്പിക്കേണ്ടതും അമിതോപയോഗവും പാഴാക്കലും തടഞ്ഞ് ജലക്ഷാമത്തിനുള്ള പരിഹാരം കുട്ടികളിലൂടെ നടപ്പാക്കുന്ന പ്രവർത്തന പദ്ധതി.

**ജലസേന**:വീടുകളിലെ കിണറുകൾ ക്ലോറിനേറ്റ് ചെയ്യുന്നതിന് വിദ്യാലയത്തിൽ രൂപീകരിച്ച കുട്ടികലുടെ സേന.4 മണിക്ക് ശേഷം വിവിധ പ്രദേശങ്ങളിലെ കിണറുകൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ ചെയ്യുന്ന പ്രവർത്തനം. ഹെൽത്ത് സെന്ററിൽ നിന്നുള്ള സാധന സാമഗ്രികളും നിർദ്ദേശങ്ങളും ലഭ്യമാക്കണം

**VIII.പഠനത്തിൽ പിന്നോക്കം നില്ക്കുന്നവരെ ശാക്തീകരിക്കൽ**

**ഒപ്പം**: 5,6,7,8,9 ക്ലാസുകളിലെ പഠനത്തിൽ പുറകിൽ നില്ക്കുന്ന കുട്ടികൾക്ക് എല്ലാ ദിവസവും 2 പിരീഡ് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി.

**സുഗമ** :10– ക്ലാസിൽ പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് വൈകീട്ട് 9 മണി വരെ നിൽക്കുന്ന കുട്ടികൾക്കുള്ള പദ്ധതി.

**IX**. Excell Coaching Project: USS,NMMS എന്നീ സ്കോളർഷിപ്പുകൾക്ക് ഓരോ വർഷവും 45 കുട്ടികളെ വീതം ഒരുക്കുന്ന പദ്ധതി.അധ്യാപകരുടെ നേതൃത്വത്തിൽ സ്പെഷൽ കോച്ചിംഗ് നൽകൽ OMR Sheet പരിചയപ്പെടുത്തൽ, മികവ് പുലർത്തുന്ന കുട്ടികൾക്കായി 'Educare Scholarship Award' പദ്ധതി നടപ്പാക്കി.

**X. കായിക പ്രവർത്തനങ്ങൾക്കുള്ള പരിശീലനം**

**ഉയരാം:** കായികാദ്ധ്യാപകന്റെ നേതൃത്വത്തിൽ വിവിധ കായിക ഇനങ്ങളിൽ കുട്ടികൾക്ക് നൽകുന്ന പരിശീലന പദ്ധതി. Local Resources ഉപയോഗിച്ചും വിദഗ്ദ്ധരായ പരിശീലകരുടെ സേവനം സ്വീകരിച്ചും നടപ്പിലാക്കേണ്ടത്.

**XI. കലാപ്രവർത്തനങ്ങൾക്കുള്ള പരിശീലനം**

**കലാസപര്യ:**സംഗീതാദ്ധ്യാപികയുടെ നേതൃത്വത്തിൽ വിവിധ കലകളിൽ കുട്ടികൾക്കു നൽകുന്ന പരിശീലന പദ്ധതി. Local Resources ഉം വിദഗ്ദ്ധരായ അദ്ധ്യാപകരുടെ സേവനവും സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കേണ്ടത്.

**മിഴിവ്:** കലോത്സവത്തിനു പുറമെ കുട്ടികളുടേ കലാപരമായ കഴിവ് പ്രകടിപ്പിക്കാൻ ''**മിഴിവ്**'' അവസരമോരുക്കി.

## വിദ്യാലയത്തിലെ ജനാധിപത്യവേദികൾ

തികച്ചും ജനാധിപത്യമാതൃകയിൽ ഇലക്ഷൻ നടത്തി, സ്കൂൾ ലീഡറേയും, വിവിധ വകുപ്പ് മന്ത്രിമാരേയും തെരഞ്ഞെടുക്കുന്നു.മാസത്തിലൊരിക്കലെങ്കിലും മന്ത്രിസഭായോഗം കൂടുകയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്യുന്നു. സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ നേതൃത്വം നൽകുന്നു.

# ധനവിനിയോഗം

| ഇനം | ഉദ്ദേശിക്കുന്ന തുക | പൂർത്തീകരിക്കാൻ ഉള്ള കാലം |
|---|---|---|
| മാ – നിഷാദ | 10,000 | 2025-2026 അക്കാദമിക വർഷം |
| പുസ്തക റാക്കുകൾ | 50,000 | ” |
| ലബോറട്ടറി ഉപകരണങ്ങൾ | 20,000 | ” |
| പഠനോപകരണങ്ങൾ | 20,000 | ” |
| പഠന ശില്പശാലകൾ | 5,000 | ” |
| കായിക പഠനം | 10,000 | ” |
| അടുക്കളയിലേക്ക് ഉപകരണങ്ങൾ | 5,000 | ” |
| ബോധവല്ക്കരണ ക്ലാസ്സുകൾ | 10,000 | ” |

**ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കൾക്കുള്ള പ്രത്യേക പരിഗണന**

വിദ്യാലയത്തിലെ 24 ഇതരസംസ്ഥാന തൊഴിലാളികളുടെ മക്കൾക്ക് പഠനത്തിൽ പ്രത്യേക പരിഗണന നൽകുന്നു. പ്രത്യേകിച്ച് മലയാള ഭാഷയ്ക്ക് ഊന്നൽ നൽകുന്നു. അവരുടെ ജീവിതസാഹചര്യങ്ങളെക്കുറിച്ച് പ്രത്യേകം അന്വേഷണങ്ങൾ ചെയ്യുന്നു.

**മോണിറ്ററിങ്ങ് സമിതി**

ഹെഡ്മാസ്റ്റർ, സ്റ്റാഫ്, സെക്രട്ടറി , സീനിയർ അസിസ്റ്റന്റ്സ് (HS & UP) ഓഫീസ് സ്റ്റാഫ് പ്രതിനിധി, PTA, MPTA പ്രസിഡണ്ട് എന്നിവരുൾപ്പെടുന്ന സമിതിയാണ് സ്കൂൾ പ്രവർത്തന ങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതും അവലോകനം ചെയ്യുന്നതും.

## ഉപസംഹാരം

വിദ്യാർത്ഥികളുടെ സമഗ്രവളർച്ചക്കായി ഒരുക്കിയതാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ. പാഠ്യപാഠ്യേതര രംഗങ്ങളിൽ കുട്ടികളുടെ കഴിവുകളെ മെച്ചപ്പെടുത്താൻ ഇതിന് സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്. ഭൗതിക സാഹചര്യങ്ങളുടെ നവീകരണം പുത്തനുണർവ്വ് നൽകുമെന്നുറപ്പാണ്. സമൂഹത്തിനുള്ളിൽ നിന്നുകൊണ്ട് സമൂഹത്തിനായി പ്രവർത്തിക്കാനുള്ള കരുത്തും വിദ്യാലയം ഇതിലൂടെ നേടുമെന്നതിൽ സംശയമില്ല. അധ്യാപകരുടേയും രക്ഷിതാക്കളുടേയും കുട്ടികളുടേയും പൊതുസമൂഹത്തിന്റേയും വിദ്യാഭ്യാസവകുപ്പിന്റേയും സഹായസഹകരണത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തവയെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

**XII. ദിനാചരണങ്ങൾ**

ഓരോ മാസത്തേയും ദിനാചരണങ്ങൾ ഓരോ സ്റ്റാൻഡേർഡിലെ അധ്യാപകർ ക്രോഡീകരിച്ച് SRG യിൽ അവതരിപ്പിക്കുന്നു. അതാത് മാസത്തെ ദിനാചരണങ്ങൾക്ക് ക്രോഡീകരിച്ച സ്റ്റാൻഡേർഡിലെ അധ്യാപകർ നേതൃത്വം നല്കി ഏറ്റവും ഭംഗിയായി ആചരിക്കുന്നു.